**തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം**

**(ഹാജർ : Seeram Sambasiva Rao IAS)**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് -- മുൻ മുനിസിപ്പൽ കോമൺ സർവീസിലെ ക്ലർക്ക് ശ്രീ.വിജയൻ.കെ-.യെ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവാകുന്നു.

**ഉത്തരവ് നമ്പർ . LSGD/PD/34241/2024-GEA3 തീയതി:13-12-2024**

പരാമർശം:

1) തദ്ദേശ സ്വയംഭരണ വകുപ്പ് തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടറുടെ 29.06.2024 -ലെ LSGD/JD/TVM/6983/2023-H1 നമ്പർ കത്ത്.
2) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 23.01.2004-ലെ B5.4745/2003 നമ്പർ ഉത്തരവ്.
3) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 11.04.2017 ലെ E3.2439/17 നമ്പർ ഉത്തരവ്.
4) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 31.12.2020- ലെ E3. 15023/19 നമ്പർ ഉത്തരവ്.
5) നഗരകാര്യ വകുപ്പ് ഡയറക്ടറുടെ 23.06.2022 - ലെ DUA/4400/ 2022-E7 നമ്പർ ഉത്തരവ്.

**ഉത്തരവ്**

ഏകീകൃത തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഭാഗമായ മുൻ മുനിസിപ്പൽ കോമൺ സർവ്വീസിൽ ക്ലർക്ക് തസ്തികയിൽ പരാമർശം (2) ഉത്തരവ് പ്രകാരം നിയമനം ലഭിച്ച ശ്രീ.വിജയൻ.കെ-യ്ക്ക് മൂന്ന് വർഷത്തിനുള്ളിൽ ടെസ്റ്റ് യോഗ്യത നേടണമെന്ന വ്യവസ്ഥയിൽ പരാമർശം (3) പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. എന്നാൽ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ടെസ്റ്റ് യോഗ്യത നേടിയില്ല എന്ന കാരണത്താൽ ടിയാനെ പരാമർശം (4) പ്രകാരം ക്ലർക്ക് തസ്തികയിലേയ്ക്ക് റിവർട്ട് ചെയ്തിരുന്നു. മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്കുമാരുടെ സീനിയോരിറ്റി പട്ടികയിൽ ടിയാന്റെ പേര് ഉൾപ്പെടുത്തുന്നതിനായി പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

ശ്രീ.വിജയൻ.കെ-യെ ക്ലർക്ക് തസ്തികയിലേക്ക് റിവർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ, മുൻ മുനിസിപ്പൽ കോമൺ സർവ്വീസിലെ ക്ലർക്ക് തസ്തികയിലെ ജീവനക്കാരുടെ 31.05.2022 അടിസ്ഥാനമാക്കയുള്ള പരാമർശം (5) സീനിയോരിറ്റി പട്ടികയിൽ ടിയാന്റെ ക്ലർക്ക് തസ്തികയിലെ നിയമന ഉത്തരവ് തീയതിയായ 23.01.2004 അടിസ്ഥാനമാക്കി ക്രമനം.40. ശ്രീമതി ജെസ്സ.വി-യ്ക്കും ക്രമനം.41. ശ്രീ. ദിലീപ്കുമാർ.പി.ബി-യ്ക്കും മദ്ധ്യേ ക്രമനം.40A ആയി ഉൾപ്പെടുത്തി പരാമർശം (5) സീനിയോരിറ്റി പട്ടിക പുന:ക്രമീകരിച്ചും അപ്രകാരം ഭേദഗതി ചെയ്തും ഉത്തരവ് പുറപ്പെടുവിക്കുന്നു.

Seeram Sambasiva Rao IAS
PRINCIPAL DIRECTOR

പകർപ്പ് :

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ.വിജയൻ.കെ,ക്ലർക്ക്(തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ IE/DEC-സെക്ഷനുകൾ

4. സിസ്റ്റം സൂപ്പർ വൈസർ,(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by Seeram
Sambasiva Rao
Date: 13-12-2024 23:44:43